പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.655

29.05.2019 ൽ മറുപടിയ്ക്ക്

## കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്

ചോദ്യം

ശ്രീ. വി.ടി.ബൽറാം

മറുപടി

ശ്രീ.ഇ.പി.ജയരാജൻ
(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യുവജനക്ഷേമ ബോർഡിന് കീഴിൽ കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത ആക്ഷൻ ഫോഴ്സിന്റെ സേവനം ഏതൊക്കെ മേഖലകളിൽ ഉപയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; | (ബി) | ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, സർവ്വേ തുടങ്ങിയ മേഖലകളിലാണ് ഫോഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | അടിയന്തര സാഹചര്യം നേരിടുന്നതിന് ഈ സേനയ്ക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ ; | (സി) | ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ സേനയിൽ രജിസ്റ്റർ ചെയ്ത ഒരുലക്ഷത്തിൽപരം അംഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 100 പേർക്ക് തൃശ്ശൂരിലെ കേരള ഫയർ & റസ്ക്യൂ സർവ്വീസസ് അക്കാഡമിയിൽ വച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പ്രത്യേക പരിശീലനം നൽകിയിരുന്നു. കൂടാതെ മേൽപ്പറഞ്ഞവർ ഉൾപ്പെടെ ആകെ ആയിരം പേർക്ക് മൂന്നാറിൽ വച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് പരിശീലനവും സംഘടിപ്പിച്ചിരുന്നു. |
| (ഡി) | യൂത്ത് ആക്ഷൻ ഫോഴ്സിലെ അംഗങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ആനുകൂല്യം നൽകുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് യുവാക്കളുടെ ഒരു സന്നദ്ധസേവന സേനയായാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത സേനാംഗങ്ങൾക്ക് സാമ്പത്തികാനുകൂല്യങ്ങളൊന്നും തന്നെ നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ